Web & New Medi

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

## സംഗ്രഹം

പനിവിനി വകുപ്പ് - നവകേരളം കർമ്മപദ്ധതി II - അസിസ്റ്റന്റ് കോർഡിനേറ്റർമാരെ കരാർ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

---

**പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്**

സ.ഉ.(സാധാ) നം.2/2023/PIE&MD തീയതി,തിരുവനന്തപുരം, 04-01-2023

---

പരാമർശം:-

1. GO(P)No.10/2021/P&EA തീയതി 01.08.2021
2. GO(P)No.2/2021/PIEMD തീയതി 03.12.2021
3. GO(Rt)No.5/2022/PIEMD dated 30.08.2022
4. നവകേരളം കർമ്മപദ്ധതി ഈ കോർഡിനേറ്ററുടെ 19.09.2022 -ാെല NKP/A1/01/2021(1) നമ്പർ കത്ത്

## ഉത്തരവ്

നിലവിലുള്ള നാലു മിഷനുകളായ ഹരിത കേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നിവയെയും കേരള പുനർ നിർമ്മാണ പദ്ധതി (RKI) യെയും ഉൾപ്പെടുത്തിക്കൊണ്ട് നവകേരളം കർമ്മപദ്ധതി-II രൂപീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായി. പ്രസ്തുത ഉത്തരവ് പ്രകാരം നവകേരളം കർമ്മപദ്ധതി-II-യിലേക്ക് ആവശ്യമായ തസ്തികകളും സൃഷ്ടിച്ചിരുന്നു.

പരാമർശം (3) പ്രകാരം നവകേരളം കർമ്മപദ്ധതി-II-യിലേക്ക് അസിസ്റ്റന്റ്/ജോയിന്റ് കോർഡിനേറ്റർ (ഹരിത കേരളം മിഷൻ), അസിസ്റ്റന്റ്/ജോയിന്റ് കോർഡിനേറ്റർ (പ്രചരണം, ശാക്തീകരണം, ഡോക്യുമെന്റേഷൻ) എന്നീ തസ്തികകളും, മറ്റ് ഏതാനും തസ്തികകൾക്കൊപ്പം, അന്യത്ര സേവനം/കരാർ അടിസ്ഥാനത്തിൽ അധികമായി സൃഷ്ടിച്ചു. കൂടാതെ പരാമർശം (2)ലെ ഉത്തരവിൽ പ്രതിപാദിക്കുന്ന വിവിധ തസ്തികകളുടെ നിയമന രീതിയിൽ, അസിസ്റ്റന്റ്/ജോയിന്റ് കോ ഓർഡിനേറ്റർമാരുടെയും, പ്രോഗ്രാം ഓഫീസർമാരുടെയും നിയമന രീതിയിൽ, അന്യത്ര സേവനത്തോടൊപ്പം , കരാർ വ്യവസ്ഥ കൂടി ഉൾപ്പെടുത്തി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. അതിൻപ്രകാരം, ലൈഫ് മിഷന്റെ അസിസ്റ്റന്റ് കോർഡിനേറ്ററായി ശ്രീ.എസ്.അൻവർ ഹുസൈനെയും, ഹരിത കേരളം മിഷൻ (കൃഷി)-യുടെ അസിസ്റ്റന്റ് കോർഡിനേറ്ററായി ശ്രീ. എസ്.യു സഞ്ജീവിനേയും, പ്രചരണം, ശാക്തീകരണം, ഡോക്യുമെന്റേഷൻ അസിസ്റ്റന്റ് കോർഡിനേറ്ററായി ശ്രീ. റ്റി.പി സുധാകരനെയും ഒരു വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമിച്ചു ഉത്തരവാകണമെന്ന്, ഇവരുടെ ബയോഡേറ്റ ലഭ്യമാക്കിക്കൊണ്ട് നവകേരളം കർമ്മപദ്ധതി -II കോർഡിനേറ്റർ പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. അതിൻപ്രകാരം ലൈഫ് മിഷൻ അസിസ്റ്റന്റ് കോർഡിനേറ്ററായി ശ്രീ.എസ്.അൻവർ ഹുസൈനെയും (Medayil, MRA 107 B, Mannamoola, Peroorkkada.P.O, Thiruvananthapuram 695005) , ഹരിത കേരളം മിഷൻ (കൃഷി) അസിസ്റ്റന്റ് കോർഡിനേറ്ററായി ശ്രീ. എസ്.യു സഞ്ജീവിനേയും (KRRA-262, 'Utham', T C 47/2500, Kesavadev Road, Thrivikramangalam, Poojappura.P.O, Thiruvananthapuram 695012), പ്രചരണം, ശാക്തീകരണം, ഡോക്യുമെന്റേഷൻ അസിസ്റ്റന്റ് കോർഡിനേറ്ററായി ശ്രീ. റ്റി.പി സുധാകരനെയും ('Pardhivam', St.Jude Nagar, Perukavu P.O.Thiruvananthapuram 695573) ഒരു വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEENA M S
ഡെപ്യൂട്ടിസെക്രട്ടറി

ബന്ധപ്പെട്ട വ്യക്തികൾക്ക് (കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി II മുഖേന)
കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി II, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), അക്കൗണ്ടന്റ് ജനറൽ ഓഫീസ്, കേരളം

സ.ഉ.(സാധാ) നം.2/2023/PIE&MD

വിവര പൊതുജന സമ്പർക്ക വകുപ്പ്
പനിവിനി വകുപ്പ് ഡയറക്ടറുടെ സി.എ.-യ്ക്ക്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

For

സെക്ഷൻ ഓഫീസർ